# THREADS

**T**ECHNOLOGY

**H**ITECH EQUIPMENT ARRANGEMENTS

**R**OBOTICS

**E**LECTRONICS

**A**NIMATION

**D**OCUMENTATION

**S**CRATCH PROGRAMMING & *Many More*

*for Little Kites*

## GVHSS CHUNAKKARA

# ആമുഖം

കലയും കാര്യവും ഒത്തിണങ്ങുമ്പോഴാണ് ജീവിതം സമ്പൂർണമാകുന്നത്.ആ തിരിച്ചറിവിന്റെ സാഫല്യമാണ് ഈ സൃഷ്ടി.വിജ്ഞാനവും വിനോദവും വരയും വർണവും ഇഴ ചേർന്ന് രൂപപ്പെടുത്തിയ 'ചരടുകൾ' (THREADS) നല്ലൊരു നാളെയുടെ തുടക്കവും തുടർച്ചയുമാണ് .നാമെടുത്തു വരുന്ന നവമുകുളങ്ങളുടെ മന്ദസ്മിതങ്ങളാണ് ഈ ദളങ്ങളിലോരോന്നിലും ദൃശ്യമാവുക. ബാല്യ കൗമാരങ്ങളുടെ ഹൃദയത്തുടിപ്പും, വിതുമ്പലും, ചിരിച്ചിന്തുകളുടെ നൂപുരധ്വനികളും അലയടിച്ചുയരുന്ന കലാസൃഷ്ടി, നിറഞ്ഞമനസ്സോടെ തികഞ്ഞ സംതൃപ്തിയോടെ, സഹൃദയ മനസ്സുകൾക്കു മുമ്പാകെ അറിവിന്റെ, ആനന്ദത്തിന്റെ, നുറുങ്ങുകൾ ഇഴചേർത്ത ഈ സംരംഭത്തെ ചുനക്കര ഗവ.വിഎച്ച്എസ്എസ് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് സവിനയം സമർപ്പിക്കുന്നു.

സ്നേഹാദരങ്ങളോടെ

സന്ധ്യ എസ് & ജസ്ന ഇസ്മയിൽ

(ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ്)

# എഡിറ്റോറിയൽ ബോർഡ്

കൃഷ്ണവേണി പി
ഹരിത വി നായർ
ശ്രേയ ശ്രീജിത്ത്
ശിവപ്രിയ
ശ്രീനന്ദന
ആർദ്ര
അനഘ വിജു

**മലയാളം ടൈപ്പിങ്**

**എഡിറ്റിങ്**

ജിനി ജോസ്
ഫിയാദ ഫാത്തിമ സക്കീർ
ആരോൺ
മുഹമ്മദ് ബിലാൽ
ഋഷികേശ്
അഭിജിത് എസ് പിള്ള
കാശിനാഥ്
അബ്ദുൽ ബാസിത്
അതുൽ കൃഷ്ണ
സാത്വിക്
ശ്രേയസ് എസ് നായർ
ഹാഫിസ്
ഇർഫാൻ
എബെൻ
പ്രണവ്
അമൽ ബെന്നി

# സന്ദേശം

ഹൃദ്യവും മനോഹരവുമായ രചനകളാൽ തങ്ങളുടെ കഴിവ് തെളിയിച്ച ചുനക്കര ജി വി എച്ച് എസ്എസിന്റെ അഭിമാനപാത്രങ്ങളായ പ്രിയ വിദ്യാർഥിനി വിദ്യാർഥികൾക്ക് ആശംസകൾ. 'THREADS' എന്ന ഡിജിറ്റൽ മാഗസിൻ ഇത്ര മനോഹരമാക്കാൻ പ്രയത്നിച്ച പ്രിയപ്പെട്ട സന്ധ്യ ടീച്ചറിനും, ജസ്ന ടീച്ചറിനും, എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾക്കും (ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും) ഈ അവസരത്തിൽ ഹൃദയം നിറഞ്ഞ നന്ദിയും അഭിനന്ദനങ്ങളും നേരുന്നു. കാലത്തിന്റെ ചുവരെഴുത്തുകൾ കലയുടെയും സാഹിത്യത്തിന്റെയും വിജ്ഞാനത്തിന്റെയും ചിന്തേരിട്ട് മിനുസപ്പെടുത്താൻ ഇവർക്ക് സാധിച്ചിരിക്കുന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. തുടർന്നും പുതുപുത്തൻ ആശയങ്ങളെ ക്രിയാത്മകമായി അവതരിപ്പിക്കാൻ നിങ്ങൾക്ക് കഴിയട്ടെ. നവമാധ്യമങ്ങൾ സമൂഹത്തെ അലോസരപ്പെടുത്തുന്ന ഈ സാഹചര്യത്തിൽ പ്രിയപ്പെട്ട കുഞ്ഞുങ്ങളുടെ സർഗാത്മകത പുതിയ അധ്യായം തുറക്കട്ടെ.

ഹൃദയം നിറഞ്ഞ ആശംസകൾ....



**ഹെഡ്മിസ്ട്രസ്സ്**
**ശ്രീമതി അനിത ഡൊമിനിക്**

# ആശംസകൾ

പ്രിയ മാഗസിൻ ടീം,

ഈ മാഗസിൻ നാടിന് സമർപ്പിക്കുന്നതിന് അഭിനന്ദനങ്ങൾ.
നിങ്ങളുടെ ഈ മാഗസിൻ സർഗ്ഗാത്മകതയുടെയും ഉൾക്കാഴ്ചയുടെയും പ്രചോദനത്തിന്റെയും വിളക്കുമാടമാകട്ടെ, അറിവിന്റെയും ഭാവനയുടേയും മേഖലകളിലൂടെ വായനക്കാരെ നയിക്കട്ടെ, ഓരോ പേജും സർഗ്ഗാത്മകതയുടെ ക്യാൻവാസ് ആകട്ടെ, ഓരോ വാക്കും പ്രചോദനത്തിന്റെ വിളക്കുകളും ഓരോ കൃതികളും വായനക്കാരെ ആകർഷിക്കുന്നതുമാകട്ടെ. ഈ മാസിക, ആശയങ്ങൾ തഴച്ചുവളരുന്ന ഒരു വേദിയായി മാറട്ടെയെന്ന് ആശംസിക്കുന്നു.നിങ്ങളുടെ മാസികയുടെ വിജയത്തിന് എന്റെ ഊഷ്മളമായ ആശംസകൾ അറിയിക്കുന്നു.



**അഭിലാഷ് കെ ജി**
**മാസ്റ്റർട്രെയിനർ കോർഡിനേറ്റർ**
**കൈറ്റ് ആലപ്പുഴ**

# ആശംസകൾ

കലാ-സാഹിത്യരംഗത്തെ ഭാവി വാഗ്ദാനങ്ങളായ വിദ്യാർത്ഥികളുടെ മികച്ച സൃഷ്ടികളുടെ സമാഹാരമായ THREADS ഡിജിറ്റൽ മാഗസിന് അഭിനന്ദനങ്ങൾ. സാങ്കേതിക വിദ്യാ യുഗത്തിൽ എഴുത്തുകാർ നേരിടുന്ന വലിയ പ്രശ്നം ആസ്വാദകരെ തങ്ങളുടെ സൃഷ്ടികളിലേക്ക് ആകർഷിക്കുക എന്നതാണ്. ചടുല വേഗത്തിൽ മസ്തിഷ്കത്തിലൂടെ കടന്നു പോകുന്ന റീൽസുകളിലും ഷോർട്സുകളിലും കുരുങ്ങിക്കിടക്കുന്ന കൗമാരത്തെ വായനയുടെ ലോകത്തിലേക്ക് എത്തിക്കാൻ ഡിജിറ്റൽ മാഗസിനിലൂടെ കുട്ടികൾ നടത്തുന്ന ഈ ശ്രമം ശ്ലാഘനീയമാണ്. ലിറ്റിൽ കൈറ്റ്സിലെ മലയാളം കമ്പ്യൂട്ടിങ്, ഡസ്ക് ടോപ് പബ്ലിഷിങ്, തുടങ്ങി വിവിധ പാഠങ്ങളിലൂടെ സ്വായത്തമാക്കിയ കഴിവുകൾ /അറിവുകൾ ഈ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാൻ സഹായിച്ചു എന്നറിയുന്നതിൽ സന്തോഷം. സ്കൂളിലെ എല്ലാ വിദ്യാർത്ഥികളുടെയും രചനാവൈഭവങ്ങൾ സമൂഹത്തിലെത്തിക്കാൻ ചുനക്കര ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ടീം ഏറ്റെടുത്ത ഈ ഉദ്യമത്തിന് എന്റെ ഊഷ്മളമായ ആശംസകൾ അറിയിക്കുന്നു.



**ദിനേശ് ടി ആർ**
**മാസ്റ്റർട്രെയിനർ**
**കൈറ്റ്, ആലപ്പുഴ**

# ആശംസകൾ

നമ്മുടെ വിദ്യാലയം ആർജ്ജിച്ചിട്ടുള്ള നേട്ടങ്ങളും മാതൃകാപരമായ പ്രവർത്തനങ്ങളും കുട്ടികളുടെ സർഗാത്മകകഴിവുകളും വിവരവിനിമയ സാങ്കേതിക വിദ്യയിലുള്ള ഇടപെടലുകളും ഉൾക്കൊള്ളിച്ച് പുറത്തിറക്കുന്ന ലിറ്റിൽ കൈറ്റ്സ് സ്കൂൾ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു...



**ശ്രീ പ്രവീൺ പി**
(PTA PRESIDENT)

# ആശംസകൾ

ചുനക്കര ഗവ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഒരു മാഗസിൻ പുറത്തിറക്കുന്നു എന്നറിയുന്നതിൽ സന്തോഷം രേഖപ്പെടുത്തുന്നു .നമ്മുടെ കുട്ടികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്നതിലും കുട്ടികളിൽ അന്തർലീനമായിരിക്കുന്ന സിദ്ധികളെ അതിന്റെ സകലവിധ മാന്ത്രികതകളോടും കൂടി പുറത്തെത്തിക്കുവാനും ഈ സംരഭത്തിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു .പരിമിതമായ സാഹചര്യങ്ങളിൽ ഈ ഉദ്യമത്തിന് നേതൃത്വം കൊടുക്കുന്ന ഇതിന്റെ അണിയറ ശില്പികളായ എല്ലാ പ്രതിഭകളെയും അഭിനന്ദിക്കുന്നു.എല്ലാ ആശംസകളും നേരുന്നു...



ശ്രീ സജി ജോൺ
(HSS PRINCIPAL)

# ആശംസകൾ

*In this era of knowledge explosion, digital media plays a vital role in receiving, responding and broadcasting informations. Little Kites is set to become the largest student IT network in the country.*

*I have great pleasure to know that students of Little Kites bring out a magazine. Congratulation to the whole members of Little Kites who contribute their effort and precious time for publishing the magazine.*

*I wish all success...*



**ശ്രീമതി അന്നമ്മ ജോർജ്**
(VHSE PRINCIPAL)

# ആശംസകൾ

ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും കലയുടെയും സാഹിത്യത്തിന്റെയും സമന്വയത്തിന്റെ ഭാഗമായി ചുനക്കര ഗവ. വി എച്ച് എസ്എസിലെ കുട്ടികൾ തയ്യാറാക്കിയ **THREADS** മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു. മാഗസിൻ തയ്യാറാക്കുന്നതിന് കൂട്ടായ പ്രവർത്തനം നടത്തിയ കുട്ടികൾക്കും, പ്രോത്സാഹനവും പിന്തുണയും നൽകിയ ലിറ്റിൽ കൈറ്റ്സ് അധ്യാപകർക്കും അഭിനന്ദനങ്ങൾ.



**ശ്രീമതി സുധാമണിയമ്മ കെ**

**(HSA മലയാളം)**

# ആഹ്ലാദത്തോടെ തിരികെ സ്കൂളിലേക്ക്...

## പ്രവേശനോത്സവം 2023

ചുനക്കര GVHSS 'പ്രവേശനോത്സവം 2023' ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രജനി ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീമതി അഡ്വ. ഇന്ദിരാ SSLC full A+ നേടിയ കുട്ടികൾക്കും USS, NMMS സ്കോളർഷിപ്പ് നേടിയ കുട്ടികൾക്കുമുള്ള എൻഡോവ്മെന്റ് വിതരണവും നടത്തി. പി ടി എ പ്രസിഡന്റ് ശ്രീ മനോജ് കമ്പനിവിള അധ്യക്ഷത വഹിച്ചു.







# ലോക പരിസ്ഥിതി ദിനം

## ജൂൺ 5 ലോക പരിസ്ഥിതി ദിനം




ബീറ്റ് 'പ്ലാസ്റ്റിക് പൊല്യൂഷൻ' അഥവാ പ്ലാസ്റ്റിക് മലിനീകരണം ചെറുക്കുക എന്നതാണ് ഈ വർഷത്തെ പരിസ്ഥിതി ദിന സന്ദേശം. പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി സ്കൂൾ പരിസരത്ത് വൃക്ഷത്തൈകൾ നട്ടു. അതോടൊപ്പം കുഞ്ഞുങ്ങൾക്ക് ഇത് പരിപാലിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ദിനാചരണത്തിന്റെ ഭാഗമായി ക്വിസ്, പ്രസംഗം, ഉപന്യാസം, പോസ്റ്റർ മത്സരങ്ങൾ സംഘടിപ്പിച്ചു.






# വായനദിനാചരണം








**ഗവ വി എച്ച് എസ് എസ് ചുനക്കരയിലെ 2023-24 അധ്യയന വർഷത്തെ വായന ദിനം ജൂൺ 19 തിങ്കളാഴ്ച രാവിലെ 10 മണിക്ക് ബഹു. പി ടി എ പ്രസിഡന്റ് ശ്രീ മനോജ് കമ്പനിവിള അവർകളുടെ അധ്യക്ഷതയിൽ നടന്നു. മാവേലിക്കര ബി ആർ സി യുടെ നേതൃത്വത്തിൽ നടന്ന പഞ്ചായത്ത്തല ഉദ്ഘാടനം ചുനക്കര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ശ്രീ അനിൽ കുമാർ നിർവഹിച്ചു. ചടങ്ങിന് ബഹു. ഹെഡ്മിസ്ട്രസ്സ് അനിത ഡൊമിനിക് സ്വാഗതം ആശംസിച്ചു.**

# യോഗാദിനാചരണം

## അന്താരാഷ്ട്ര യോഗാദിനം- 21 ജൂൺ 2023




## യോഗാ പരിശീലനം കുട്ടികളിൽ

'വസുധൈവ കുടുംബത്തിന് യോഗ' "ഒരു ലോകം-ഒരു കുടുംബം എല്ലാവരുടേയും ക്ഷേമത്തിനായി യോഗ" എന്നതാണ് ഈ വർഷത്തെ യോഗാദിന തീം. ജൂൺ 21 ന് അന്താരാഷ്ട്ര യോഗാ ദിനം ചുനക്കര ഗവ. വിഎച്ച്എസ്എസി ലെ കുട്ടികൾ സമുചിതമായി ആഘോഷിച്ചു.



# വിദ്യാരംഗം കലാസാഹിത്യ വേദി

ചുനക്കര ഗവ.വിഎച്ച്എസ്എസിലെ വിദ്യാരംഗം കലാസാഹിത്യ വേദിയുടെ 2023 അധ്യയനവർഷത്തെ പ്രവർത്തനോദ്ഘാടനം 12/7/2023 ബുധനാഴ്ച രണ്ടുമണിക്ക് സ്കൂൾ അങ്കണത്തിൽ നടന്നു. പ്രസ്തുത ചടങ്ങ് അധ്യാപിക,കുട്ടികളുടെ നാടകവേദി പ്രവർത്തക തുടങ്ങി വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ബഹുമാന്യയായ ശ്രീമതി ആശാ രാഘവൻ അവർകൾ നിർവഹിച്ചു.







# ബോധവൽക്കരണ ക്ലാസ്

ടീൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഹൈസ്കൂൾ കുട്ടികൾക്കായി 'കൗമാരം വർത്തമാനകാലത്തിൽ 'എന്ന വിഷയത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ശ്രീ ഉണ്ണികൃഷ്ണൻ സാർ ക്ലാസ്സ് നയിച്ചു.







# സ്വാതന്ത്ര്യദിനാഘോഷം







ചുനക്കര ഗവ. വി എച്ച് എസ് എസ്സിൽ സ്വാതന്ത്ര്യത്തിന്റെ 77 മത് ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. രാവിലെ 9 മണിക്ക് എൻ സി സി, എസ് പി സി, ജൂനിയർ റെഡ് ക്രോസ് , സ്കൗട്ട് ആൻഡ് ഗൈഡ്, എൻ എസ് എസ് എന്നീ സ്കൂൾ യൂണിറ്റുകളും യു പി വിഭാഗം മുതൽ ഹയർ സെക്കണ്ടറി വിഭാഗം വരെയുള്ള വിദ്യാർഥികളും ടീച്ചേഴ്സും രക്ഷിതാക്കളും അണിനിരന്ന പ്രൗഢ ഗംഭീരമായ ചടങ്ങിൽ



സ്കൂൾ HM ശ്രീമതി അനിതടീച്ചർ പതാക ഉയർത്തി രാജ്യത്തിന്റെ എഴുപത്തിഏഴാം സ്വാതന്ത്ര്യ ദിന ചടങ്ങുകൾക്ക് തുടക്കം കുറിച്ചു. സ്വാതന്ത്ര്യ ദിന സന്ദേശം നൽകിയത് പ്രിൻസിപ്പൽ ശ്രീ സജി സാറാണ്. തുടർന്ന് പരിപാടികൾ 12.30 ന് അവസാനിച്ചു.

# അധ്യാപകദിനം

**അധ്യാപകദിനത്തിൽ സ്കൂളിലെ പ്രഥമാധ്യാപികയായ ശ്രീമതി അനിത ടീച്ചറിനും സ്കൂളിലെ മറ്റ് അധ്യാപകർക്കും കുട്ടികൾ നൽകിയ സ്നേഹാദരവ്...**









# ഓണാഘോഷം





ഓണാഘോഷ ലഹരിയിൽ ചുനക്കര ഗവ വി എച്ച് എസ് എസിലെ കുഞ്ഞുങ്ങളും പങ്കെടുത്തു. അത്തപ്പൂക്കള മത്സരം, വടംവലി, നാടൻപാട്ട് തുടങ്ങിയ വിവിധ പരിപാടികളോടൊപ്പം ഓണ സദ്യ, പായസം എന്നിവയും കുട്ടികൾക്ക് നൽകി.





# സ്കൂൾതല ശാസ്ത്രോത്സവം







ചുനക്കര ജി വി എച്ച്എസ്എസിലെ സ്കൂൾതല ശാസ്ത്രോത്സവം ഒക്ടോബർ 12 ന് ബഹുമാനപ്പെട്ട എച്ച് എം ശ്രീമതി അനിത ഡൊമിനിക് ഉദ്ഘാടനം ചെയ്തു. ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം, പ്രവൃത്തിപരിചയം, ഐടി തുടങ്ങി എല്ലാ വിഭാഗങ്ങളിലും കുട്ടികളുടെ സജീവമായ പങ്കാളിത്തം ഉണ്ടായിരുന്നു.



# സ്കൂൾ കലോത്സവം











# നവംബർ 1 2023
# കേരളപ്പിറവി ദിനാഘോഷം









# ഹരിത സഭ





മാലിന്യ സംസ്കരണത്തിന് ഉതകുന്ന മാലിന്യ നിർമ്മാർജന സംവിധാനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തവും നേതൃത്വവും ഉറപ്പാക്കുന്നതിനായി ചുനക്കര ഗ്രാമ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നവംബർ 14 ശിശുദിനത്തിൽ കുട്ടികളുടെ ഹരിതസഭ സംഘടിപ്പിച്ചു.

മാലിന്യ നിർമ്മാർജനത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കാനും മാലിന്യമുക്ത നവകേരളത്തിന് പുതിയ ആശയങ്ങൾ സംഭാവന ചെയ്യാനും വിദ്യാർത്ഥികൾക്ക് അവസരം നൽകുന്ന ഒരു വേദി കൂടിയായി കുട്ടികളുടെ ഹരിത സഭ.

# തെരഞ്ഞെടുപ്പ് ചൂടിൽ ഞങ്ങളും.....



ഗവ വി എച്ച് എസ് എസ്
ചുനക്കരയിൽ 2023 ഡിസംബറിൽ
നടന്ന സ്കൂൾ പാർലമെന്റ്
ഇലക്ഷനിൽ നിന്നും......





# വാർഷികാഘോഷം

THREADS
FOR LITTLE KITES

ജനുവരി 25 ന് ചുനക്കര ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന സർഗോത്സവം 2024 (വാർഷികാഘോഷവും യാത്രയയപ്പ് സമ്മേളനവും) ഉദ്ഘാടന ചടങ്ങിൽ ആലപ്പുഴ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ എൻ എസ് ശിവപ്രസാദ്, ജില്ലാ പഞ്ചായത്ത് അംഗം അഡ്വക്കേറ്റ് ഇഷാര, സിനിമ ടിവി കലാകാരന്മാരായ കരുവാറ്റ ജയപ്രകാശ്, രാജേഷ് തൃക്കുന്നപ്പുഴ, വാർഡ് മെമ്പർമാരായ ശ്രീമതി സി ഓമന, ശ്രീമതി ജയലക്ഷ്മി, പിടിഎ പ്രസിഡന്റ് ശ്രീ പ്രവീൺ പി, പ്രിൻസിപ്പൽ ശ്രീ സജി, ഹെഡ്മിസ്ട്രസ് ശ്രീമതി അനിത ഡൊമിനിക്, വിഎച്ച് എസ് ഇ പ്രിൻസിപ്പൽ ശ്രീമതി അന്നമ്മ ജോർജ് തുടങ്ങിയവർ പങ്കെടുത്തു. ഈ വർഷം സർവീസിൽ നിന്ന് വിരമിക്കുന്ന ബഹുമാന്യരായ ശ്രീമതി അനിത ഡൊമിനിക് (ഹെഡ് മിസ്ട്രസ്സ് )ശ്രീമതി കെ സുധാമണിയമ്മ (ഹൈസ്കൂൾ മലയാളം അധ്യാപിക)ശ്രീമതി സതിയമ്മ(FTM)എന്നിവരെ ആദരിച്ചതോടൊപ്പം സംസ്ഥാന, ജില്ലാതല സ്കൂൾ കലോത്സവ–കായിക മേളകളിലും മറ്റ് മത്സരങ്ങളിലും മികവ് പുലർത്തിയ കുട്ടികൾക്കും വിശിഷ്ട അതിഥികൾ ഉപഹാരങ്ങൾ സമ്മാനിച്ചു. തുടർന്ന് കുട്ടികളുടെ വിവിധ കലാപരിപാടികൾ വേദിയിൽ അരങ്ങേറി...











# ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ

# LK ക്യാമ്പിലേക്ക് (2021-24 ബാച്ച്) തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾ

അഭിനന്ദനങ്ങൾ



അദ്വൈത് എം കുറുപ്പ്

(സംസ്ഥാന ക്യാമ്പ്-പ്രോഗ്രാമിങ്)



അർച്ചന ആർ

(ജില്ലാക്യാമ്പ്-അനിമേഷൻ)

# LK Freedom Fest 2023

വിജ്ഞാനത്തിന്റെയും, നൂതന ആശയ നിർമിതിയുടെയും, സാങ്കേതികവിദ്യയുടെയും പ്രയോജനം എല്ലാവർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ 2023 ആഗസ്റ്റ് 12 മുതൽ 15 വരെ തിരുവനന്തപുരത്ത് വെച്ച് 'സ്വതന്ത്ര വിജ്ഞാനോത്സവം'(Freedom Fest 2023)എന്ന പരിപാടി സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി നമ്മുടെ സ്ക്കൂളിലും ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 7 മുതൽ 11 വരെ, പ്രദർശനമേള ഉൾപ്പെടെ വിവിധ പരിപാടികൾ സംഘടിപ്പിച്ചു.













# 2022-25 ലിറ്റിൽ കൈറ്റ്സ് ബാച്ച് പ്രവർത്തനങ്ങൾ

## ലിറ്റിൽ കൈറ്റ്സ് സ്കൂൾ ക്യാമ്പ്

ഒൻപതാം ക്ലാസ്സ് കുട്ടികൾക്കായുള്ള ഈ വർഷത്തെ ലിറ്റിൽ കൈറ്റ്സ് സ്കൂൾ ക്യാമ്പ് KITE റിസോഴ്സ് പേഴ്സൺ ദിനേശ് സാറിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ഓണാഘോഷം എന്ന തീമിനെ അടിസ്ഥാനമാക്കിയാണ് ക്യാമ്പിലെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയത്. പൂക്കൾ ശേഖരിച്ച് ഓണപ്പൂക്കളം നിർമിക്കുന്ന കമ്പ്യൂട്ടർ ഗെയിം തയാറാക്കൽ, റിഥം കമ്പോസർ ഉപയോഗിച്ച് ഓഡിയോ ബിറ്റുകൾ തയാറാക്കുന്ന പ്രവർത്തനം, ഗ്രാഫിക്സ്, അനിമേഷൻ എന്നിവ പ്രധാന പ്രവർത്തനങ്ങൾ ആയിരുന്നു.





# 2023-26 ലിറ്റിൽ കൈറ്റ്സ് ബാച്ച് പ്രവർത്തനങ്ങൾ

## ലിറ്റിൽ കൈറ്റ്സ് പ്രിലിമിനറി ക്യാമ്പ്

2023-26 ലിറ്റിൽ കൈറ്റ്സ് ബാച്ച് കുട്ടികളുടെ പ്രിലിമിനറി ക്യാമ്പ് ഒക്ടോബർ 1 ന് മാസ്റ്റർ ട്രയിനർ കോഡിനേറ്റർ ശ്രീ ദിനേഷ് സാറിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ഗ്രാഫിക്സ് ആൻഡ് അനിമേഷൻ, സ്ക്രാച്ച് പ്രോഗ്രാമിങ്, മൊബൈൽ ആപ്പ് നിർമാണം തുടങ്ങി വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ്ക്യാമ്പ് നടത്തിയത്.

# മറ്റ് പ്രവർത്തനങ്ങൾ

ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി റോഡ് സുരക്ഷാ ബോധവത്കരണ ക്ലാസുകൾ, അടിസ്ഥാന കമ്പ്യൂട്ടർ സാക്ഷരതാ ക്ലാസുകൾ, ഭിന്നശേഷി കുട്ടികൾക്കായുള്ള പരിശീലന ക്ലാസുകൾ തുടങ്ങിയവയും നടത്തി വരുന്നു.










# ഹരിത വിദ്യാലയം

## സമഗ്ര ശുചീകരണ യജ്ഞം-2023

സ്കൂൾ പി റ്റി എ യുടെയും ചുനക്കര ഗ്രാമ പഞ്ചായത്ത് NREGS വിംഗിന്റെയും സംയുക്താഭിമുഖ്യത്തിൽ NCC, NSS, Scouts & Guides അടക്കമുള്ള വിദ്യാർത്ഥികൾ, പൂർവ്വ വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ, വിവിധ സാംസ്കാരിക-യുവജന സംഘടനാ പ്രവർത്തകർ, ചുനക്കര ഗ്രാമ പഞ്ചായത്തിലെ 2 ഉം 3 ഉം വാർഡുകളിലെ തൊഴിലുറപ്പ് പ്രവർത്തകർ, മറ്റ് അഭ്യുദയാകാംക്ഷികൾ എന്നിവർ ശുചീകരണ പ്രവർത്തനങ്ങളിൽ കൈകോർത്തു.







# സ്ട്രീം ഹബ്ബ്

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ സഹകരണത്തോടെ സമഗ്രശിക്ഷ കേരളം പൊതു വിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കുന്ന പദ്ധതിയാണ് STREAM Ecosystem. മാവേലിക്കര BRC യിലെ മുഴുവൻ സ്കൂളുകൾക്കും ഉപയോഗപ്രദമായ ഈ പദ്ധതി ആദ്യമായി നടപ്പിലാക്കുന്നത് ചുനക്കര ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലാണ്. സ്ട്രീം ലാബിന്റെ ഉദ്ഘാടനം ബഹു. MLA ശ്രീ അരുൺ കുമാർ നിർവഹിച്ചു. യോഗത്തിൽ ചുനക്കര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ശ്രീ K R അനിൽകുമാർ  അധ്യക്ഷത വഹിച്ചു.









# ശാസ്ത്രോത്സവം 2023

## ജില്ലാതല വിജയികൾ



തീർത്ഥ സുനിൽ
(ശാസ്ത്ര ക്വിസ്)



ശ്രീലക്ഷ്മി വി
(ഗണിത ക്വിസ്)



അഭിജിത് എസ് പിള്ള
(IT-പ്രോഗ്രാമിങ് )



കൃഷ്ണവേണി
(വാർത്താവായന)



അസ്ന അൻസാർ
(UP -വർക്ക് എക്സ്പീരിയൻസ്)

# കലോത്സവം 2023

## സംസ്ഥാനതലം

സംസ്ഥാന സ്കൂൾ കലോത്സവം മലയാളം

പ്രസംഗത്തിൽ

ബി ഗ്രേഡ് ലഭിച്ച

മെറീന സജി



## ജില്ലാതല വിജയികൾ



മുഹമ്മദ്ബിലാൽ
(ഹിന്ദി കവിത)



ശ്രീലക്ഷ്മി
(ഇംഗ്ലീഷ്, ഹിന്ദി
കവിത)



മെറീസ സജി
(മലയാളം ഉപന്യാസം)

# ജില്ലാതലം

## നാടകം(UP)





മികച്ച നടൻ
അദ്വൈത് ബി



# ഉപജില്ലാതലം



അഫ്രിൻ ഫാത്തിമ
(മാപ്പിളപ്പാട്ട്)



ശ്രേയാലക്ഷ്മി
(ഇംഗ്ലീഷ് ഉപന്യാസം)



അക്ഷര രഞ്ജിത്
(കന്നഡ പദ്യംചൊല്ലൽ)



അനാമിക
(UP-ലളിതഗാനം)



അഭിജിത്ത് എസ് പിള്ള
(ഇംഗ്ലീഷ് കഥാരചന)



അർജുൻ ഹരികുമാർ
(ഇംഗ്ലീഷ് പദ്യം ചൊല്ലൽ)



ആരിഷ് ബിനു
(മലയാളം പ്രസംഗം)



ദക്ഷ രതീഷ്
(മോണോആക്ട്)



ദേവ ജി എസ്
(ലളിതഗാനം)



ധാർമിക് എം
(കന്നഡ പ്രസംഗം)



ശ്രീനന്ദ
(ഭരതനാട്യം)



ഷേബ എസ് വിമൽ
(മലയാളം പദ്യംചൊല്ലൽ)



സജിൻ കുമാർ
(മലയാളം കഥാരചന)



സൻഫ സിറാജ്
(മാപ്പിളപ്പാട്ട്)



പല്ലവി ജെ എസ്
(നാടോടി നൃത്തം, മലയാളം പദ്യംചൊല്ലൽ)



റയോണ റെജി
(ഭാരതനാട്യം, നാടോടിനൃത്തം)



HS-മാർഗം കളി



UP-തിരുവാതിര



HS-തിരുവാതിര

# കായികോത്സവം 2023

## സംസ്ഥാനതലം



**അനഘ കൃഷ്ണൻ & സിദ്ധാർത്ഥ്**
(RACE )



**നിരുപമ** (FOOTBALL)

**ഐശ്വര്യ** (JUDO)



# ജില്ലാതലം



ഫുട്ബോൾ (സബ് ജൂനിയർ പെൺകുട്ടികൾ)



ഫുട്ബോൾ(സബ് ജൂനിയർ ആൺകുട്ടികൾ)

# ജില്ലാതല വിജയികൾ


അദ്വൈത് എ
(BADMINTON)


ശ്രീലക്ഷ്മി അനിൽ
(RACE)


അഫ്നാൻ അൻസാർ
(LONG JUMP)



മുഹമ്മദ് ബിലാൽ
(CHESS)


അമരേഷ്
(RACE)


ബിബിൻ ബിജു
(VOLLEYBALL)


മുഹമ്മദ് റിസ്വാൻ
(VOLLEYBALL)


ദേവ ജി എസ്
(KARATE)


അമൃത
(JUDO)


ജെലിന
(KARATE)


ആൽവിൻ ഷിബു
(KARATE)


അദ്രജ
(KARATE)


അദ്വൈത
(SWIMMING)


അനിദേവ്
(JUDO)



രൂപ എസ് രാജ്
(BADMINTON)


അൽമാസ് ഷാബു
(BADMINTON)


വൈഗ
(CHESS)

# മറ്റ് നേട്ടങ്ങൾ


ഗവ. വൊക്കേഷണൽ
ഹയർസെക്കന്ററി സ്കൂൾ
ചുനക്കര
2022-23 SSLC പരീക്ഷയിൽ 100% വിജയം
25 Full A+
വിജയികൾക്ക് അഭിനന്ദനങ്ങൾ
9A+ : 12
8A+ : 10
7A+ : 9
Aiswarya S Pillai
Akshara M Nair
Aliya Fathima
Archana G Pradeep
Athulya S Pillai
Bhama S Kuttan
Devika Prakash
Devika R Pillai
Diya B Mariyam
Greeshma R Nair
Krishna Pradeep
Uthara R Nair
Rajalakshmi B
Gayathri Kuttan
Shreya A
Anaswara B Ashok
Anjali G
Nadiya N
Krishnadev B
Adithyan S






സച്ചിൻ എസ്

(IISER -CHEMISTRY
ക്യാമ്പിലേക്ക്
തെരഞ്ഞെടുക്കപ്പെട്ടു.)



കാർത്തിക് വി

(UP അക്ഷരമുറ്റം
സബ്ജില്ലാതലം രണ്ടാം
സ്ഥാനം.)

# കുട്ടികളുടെ കലാസൃഷ്ടികൾ



# അമ്മ


ജന്മം തന്നുടൻതന്നെ നാവിൽ
വന്ന തത്വമാണമ്മ
ഉമ്മവെച്ചോമനിച്ചു താരാട്ടി
വളർത്തിയ ദൈവമാണമ്മ

ഒരു നിമിഷം തളർന്നാൽ
ഒരു തുള്ളി കണ്ണുനീർ എൻ കണ്ണിൽ
നിന്നുമുതിർന്നാൽ നെഞ്ചുനൊന്തു
കരയുന്നമ്മ എന്നമ്മ

സ്നേഹത്തിനു തേൻകുടം ലാളനയുടെ
പൂക്കുടമാണെന്നമ്മ
നെഞ്ചിനുള്ളിലെ മുള്ളുകൾ തഴുകി
പനിനീർ പൂക്കളൊക്കുമെന്നമ്മ

താരാട്ടി പാലൂട്ടി അമൃതിൻ
പാലാഴി കാട്ടിത്തന്ന്
കൊഞ്ചിച്ചു പുഞ്ചിരിതൂകി
അഞ്ജനമെഴുതി അറിവിൻ
അക്ഷരമുറ്റത്തെന്നെ കൈപിടിച്ച്
നടത്തിയെന്നമ്മ അമ്മ
സ്നേഹത്തിൻ പാലാഴി എന്നമ്മ.

**ഹരിത വി നായർ**
**9D**




SHEBA S VAKKAN
6 B

# വിത്തിടീൽ പാട്ട്


തെയ്യത്തിനെന്ത തിനത്തിനത്താര
താരത്തിരന്ത തിനത്തിനത്താര
നമ്മുടെ കണ്ടത്തിൽ ചങ്കുകണ്ടെത്തിൽ
നാളെ നമുക്കൊരു വിത്തിടീലോണ്ടേ
ചങ്കുകണ്ടത്തിന്റെ ചന്തം കണ്ടോ?
തെയ്യത്തിനെന്താ തിനത്തിനത്താര
താരത്തിരന്ത തിനത്തിനത്താര

-ദക്ഷ രതീഷ്
6B

# നിഴൽ

ഏകാന്ത പഥികയായി അലയുമൊരു നാളിൽ
എൻ നിഴലുകൾ കണ്ടു ഞാൻ വ്യാമോഹിച്ചു
ഇണപിരിയാതെ എൻ മരണംവരെയും
ഇഴകോർത്തു നിങ്ങളരികിൽ നിൽക്കും ;
അടുക്കുംതോറുംഅകലേക്കകലേക്ക്
പിടിതരാതെ നിങ്ങൾ വഴുതിമാറി
ഒരു കൈപ്പാടകലെയാണെങ്കിലും
ഒരിക്കലും നെഞ്ചോട് ചേർക്കുവാനായില്ല

-ജസ്റ്റിൻ ജെയിംസ്
5B


By : Gouri Nanda
GOURI NANDA
6 B

# THE REAL SUPERHERO OF LIFE

(This story by Abhijith S Pillai of 9th standard has got FIRST A Grade in STATE LEVEL Kalotsavam 2023)

Hi, my name is Chase. I have always loved superheroes and their action-packed movies! The way they make their way into scenes with grand style is incredible. I have been watching all the major superhero movies since I was a child. I still remember the first time I saw Superman flying at lightning speeds, which left me awe-struck. As a child, I believed he was really flying, but later learned that it was just the magic of cranes and computers.

Years have flown by and I have grown up, but the child inside me still remains a crazy fan of superheroes. I have always wanted to be one - to have that incredible strength, confidence, and superiority. I wanted it all for myself. Granted, I know I am very greedy, but I can't imagine anyone who wouldn't want these awesome powers. I often imagined having them in school and in my neighborhood, due to my immeasurable love for superheroes.

In short, I had no real friends. I only had my superhero figurines, to whom I would confide. I couldn't feel the warmth of my parents because they either didn't want to see each other or were too busy with work to even notice me. But now that I have moved out, I have a decent-paying job. However, my parents didn't even come to see me when I moved out or try to learn about my job.

Eventually, I got over the thoughts of the people whom I called parents. I felt sad and gloomy, usually I wake up in the morning, make my breakfast, and head out to the mall. I didn't have any friends, although all the people at work knew me.

The only solace for my mind was superheroes. They had become a part of my life, a part of myself. That day, the day that changed my life, took my life and flipped it upside down, but in a good way. Remember, I told you I was now obsessed with superheroes? It was getting out of hand as I used almost all of my monthly salary on a game. Yes, a game. It was really expensive.

I became engrossed in playing as the superheroes themselves in my dreams, and now I wanted to do the same in virtual reality. This meant that I could control what I experienced in my dreams, and I was ecstatic. I gathered all the necessary equipment and set up the game. It felt like I was really walking, although I wasn't actually moving anywhere. The game made it feel real.

I quickly started by choosing my superhero and fought against the bad guys until I started to feel hungry. I rummaged through my fridge, but all I found were vegetables. I reluctantly settled for some leftover pizza that was starting to go bad. I quickly returned to playing and continued throughout the night, despite feeling tired and sleepy. I pushed through and managed to finish a couple of levels.

But that's when it happened. All I could see was the loading screen, and I couldn't differentiate between virtual and real life. It felt like a nightmare I couldn't escape from. The darkness slowly closed my eyes, and it was pitch black. Suddenly, I opened my eyes, to find myself lying on the ground. I was on top of a building. I tried to take off my headset, but it wouldn't come off. I tried to help by pulling the headset off my face, but it was no use.

Was I stuck inside a game? No, definitely not...or was I? All kinds of thoughts flooded my mind. I felt completely helpless, a superhero who couldn't even help themselves.

How could I possibly help the civilians if I couldn't even help myself? I lost all hope. Suddenly, I heard loud cries from people on the ground. They needed help.

I jumped down and confronted the criminals. They had weapons, but they did nothing to me. The criminals got scared and ran away. It was then that I realized that giving up before even trying is shameful. I was determined to find out what had happened to me. Then, I heard a very familiar voice echoing softly in my mind, "With great power comes great responsibility." The voice faded without another word, leaving me confused. I stood there and pondered the reason for this voice. It was none other than my own brain speaking to me. I had been acting irresponsibly. I was now a grown man and should have taken care of my surroundings in real life as well. I hadn't even made an effort to resolve problems with my mom and dad, and it's all my fault. I had been incredibly selfish.

The sunlight bid farewell, and the moon attempted to shine through the dark, cloudy sky. I yearned to return to my home, my world, and rectify things, bringing light back into my life. That's when I noticed the moon darkening, casting an ominous shadow. There, a familiar symbol appeared, belonging to one of my most dreaded enemies. He had been captured and defeated by legendary heroes, but at the cost of countless lives. Now, he had returned, seeking revenge.I wouldn't be able to call for help if I left the city; it would be dangerous. I had to take matters into my own hands. Either I would stop him or he would destroy the city and its people.

I charged at the dreaded 'Dark Knight', hitting him harder than I ever had before, but it didn't even faze him, not even in the slightest. He turned to me with a spine-chilling laugh and said, "I don't have the time for you. And even what right do you have to come near the mighty Dark Knight? Now kneel before me!" I said, "It's better for you to leave or else..." "You arrogant little weed! You shall now feel my wrath!"

I was certain that I wouldn't stand a chance, but I didn't want to be irresponsible again. I didn't want to leave this city to it's eternal doom right in front of me. But suddenly, the sky started to rumble with thunder and lightning covered the sky, the legendary heroes descended from above.

I could feel the fear of the Knight, as one of the five legendary heroes said, "Hey Dark Knight, you had the chance to prove to all of us that you weren't evil, but unfortunately, you have failed miserably." "I am not going to lose this time. Now, you will become just a legend." Saying this, the Knight captured the legendary heroes with his darkness, but they challenged him, saying that I could end this evil with their combined power. I accepted their offer, and they bestowed their powers upon me. Once again, I charged and vanquished the night from the world. As a result, I was thrown back and blinded by the light.

I woke up in the real world, and everything that had happened was a mere dream. I was asleep on the couch with the headset on my lap. It appeared that my cell phone was ringing, and someone was trying to talk to me. Now, I wanted to make things right and start anew, make myself a better Chase.

**Abhijith S Pillai ( LK 2022-25 )**

**9C**

# The Ultimate Battle:

# Windows vs Mac OS vs Linux

ഒരു ഓപ്പറേറ്റിംഗ് സിസ്റ്റം തിരഞ്ഞെടുക്കുമ്പോൾ, Windows, Mac OS, Linux എന്നിവയിൽ ഏത് വേണമെന്ന് തിരഞ്ഞെടുക്കാൻ ചിലപ്പോൾ ബുദ്ധിമുട്ടാണ്. ഓരോന്നിനും അതിന്റേതായ സവിശേഷതകളും ഗുണങ്ങളുമുണ്ട്, എന്നാൽ അവസാനം തീരുമാനം വ്യക്തിപരമായ മുൻഗണനാ മാത്രമായി തീരുന്നു. വിൻഡോസിന്റെ ഉപയോക്തൃ-സൗഹൃദ ഇന്റർഫേസും വിപുലമായ സോഫ്റ്റ്‌വെയർ അനുയോജ്യതയും കാരണം നിരവധി ഉപയോക്താക്കൾ അതിനെ തിരഞ്ഞെടുക്കുന്നു. മറുവശത്ത്, മിനുസമാർന്ന രൂപകൽപ്പനയ്ക്കും മറ്റ് ആപ്പിൾ ഉൽപ്പന്നങ്ങളുമായുള്ള തടസ്സമില്ലാത്ത സംയോജനത്തിനും പേരുകേട്ട Mac OS, സൗന്ദര്യശാസ്ത്രത്തെയും തടസ്സമില്ലാത്ത സംയോജനത്തെ ഇഷ്ടപ്പെടുന്നവരെ ആകർഷിക്കുന്നു. എന്നാൽ Linux, അതിന്റെ ഓപ്പൺ സോഴ്സ് സ്വഭാവവും, ഇഷ്ടാനുസരണം എന്ത് മാറ്റവും വരുത്താൻ കഴിയുന്ന ഓപ്ഷനുകളും, ടെക് പ്രേമികൾക്കും ഡെവലപ്പർമാർക്കും ഒരുപോലെ നൽകുന്നു. മൂന്ന് ഓപ്പറേറ്റിംഗ് സിസ്റ്റങ്ങൾക്കും അവരുടേതായ ശക്തിയുണ്ടെന്നതാണ് ഏറ്റവും വലിയ കാര്യം, ഇത് ഉപയോക്താക്കളെ അവരുടെ വ്യക്തിഗത ആവശ്യങ്ങളെയും മുൻഗണനകളെയും അടിസ്ഥാനമാക്കി മികച്ച ഫിറ്റ് കണ്ടെത്താൻ സഹായിക്കുന്നു. അതിനാൽ, നിങ്ങൾ എളുപ്പത്തിലുള്ള ഉപയോഗത്തിനോ, രൂപകൽപ്പനയ്ക്കോ വഴക്കത്തിനോ മുൻഗണന നൽകിയാലും, നിങ്ങളെ ആ ലോകത്തേക്ക് സ്വാഗതം ചെയ്യാൻ ഒരു സൗഹൃദ OS കാത്തിരിക്കുന്നു.

## Windows

മൈക്രോസോഫ്റ്റ് വിൽക്കുന്ന വിവിധ എക്സ്ക്ലൂസീവ് ഗ്രാഫിക്കൽ ഓപ്പറേറ്റിംഗ് സിസ്റ്റം ഫാമിലികളുടെ ഒരു ശേഖരമാണ് Microsoft . വ്യക്തിഗത, ബിസിനസ് ഡെസ്ക്ടോപ്പുകൾക്കായി രൂപകൽപ്പന ചെയ്തിരിക്കുന്ന ഒന്നിലധികം വിൻഡോസ് പതിപ്പുകൾ, സെർവറുകൾക്ക് അനുയോജ്യമായ വിൻഡോസ് , എന്നിവ ഇതിൽ ഉൾപ്പെടുന്നു. നിലവിൽ, വിൻഡോസിന്റെ ഏറ്റവും പുതിയ പതിപ്പ് ആണ്.

1985 നവംബർ 20-ന്, ഉപയോക്തൃ-സൗഹൃദ ഗ്രാഫിക്കൽ ഇന്റർഫേസുകളുടെ വർദ്ധിച്ചുവരുന്ന ഡിമാൻഡിന് മറുപടിയായി -നുള്ള ഒരു ഗ്രാഫിക്കൽ ഓപ്പറേറ്റിംഗ് സിസ്റ്റം ഓവർലേ ആയി വിൻഡോസ് അരങ്ങേറ്റം കുറിച്ചു. ഇന്ന്, ലോകമെമ്പാടുമുള്ള ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾക്കായി ഏറ്റവും വ്യാപകമായി ഉപയോഗിക്കുന്ന ഓപ്പറേറ്റിംഗ് സിസ്റ്റമാണ് വിൻഡോസ്. എന്നിരുന്നാലും, ഇത് മറ്റ് ഓപ്പറേറ്റിംഗ് സിസ്റ്റങ്ങളിൽ നിന്നുള്ള മത്സരത്തെ നേരിടുന്നു, അത് നമ്മൾ ഉടൻ പരിശോധിക്കും.

1.0 to 3.1: The Foundation:

വിൻഡോസ് 1.0 ഒരു സ്വതന്ത്ര ഓപ്പറേറ്റിംഗ് സിസ്റ്റമായിരുന്നില്ല; പകരം, അത് MS-DOS-ന്റെ അടിത്തറയിൽ നിർമ്മിച്ചതാണ്, അതിന്റെ പ്രവർത്തനം വിപുലീകരിച്ചു. ഈ തുടക്ക പതിപ്പിൽ കാൽക്കുലേറ്റർ, കലണ്ടർ, , ക്ലിപ്പ്ബോർഡ് വ്യൂവർ, ക്ലോക്ക്, കൺട്രോൾ പാനൽ, നോട്ട്പാഡ്, പെയിന്റ്, (ഒരു ഗെയിം), ടെർമിനൽ, എന്നിവ പോലുള്ള പ്രോഗ്രാമുകളുടെ ഒരു ശ്രേണി ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു.1987 ഡിസംബറിൽ വിൻഡോസ് 2.0 പുറത്തുവന്നു.ജനപ്രീതിയുടെ കാര്യത്തിൽ അതിന്റെ മുൻഗാമിയെ പിന്തള്ളി വിൻഡോസ് 2.0 പെട്ടെന്ന് പലരുടെയും ഹൃദയം കീഴടക്കി. ഈ അപ്ഡേറ്റ് ചെയ്ത പതിപ്പ് അതിന്റെ ഉപയോക്തൃ ഇന്റർഫേസിലേക്ക് ഓവർലാപ്പുചെയ്യുന്ന വിൻഡോകൾക്കുള്ള കഴിവ്, മികച്ച മെമ്മറി മാനേജ്മെന്റ് എന്നിവ പോലുള്ള നിരവധി മെച്ചപ്പെടുത്തലുകൾ കൊണ്ടുവന്നു. കൂടാതെ, വിൻഡോസ് 2.0 കൂടുതൽ വിപുലമായ കീബോർഡ് കുറുക്കുവഴികളുടെ സൗകര്യം അവതരിപ്പിച്ചു, ഇത് സിസ്റ്റം നാവിഗേറ്റ് ചെയ്യുന്നത് കൂടുതൽ എളുപ്പമാക്കി.

## Windows 95: A Game Changer

1995 ഓഗസ്റ്റ് 24-ന് അധികം താമസിയാതെ തുടർന്നുവന്ന പ്രധാന റിലീസായിരുന്നു വിൻഡോസ് 95.വിൻഡോസ് 95 വാണിജ്യ രംഗത്ത് മൈക്രോസോഫ്റ്റിന് വൻ വിജയം നേടിക്കൊടുത്തു. മൈക്രോസോഫ്റ്റിന്റെ വെബ് ബ്രൗസറായ ഉൾപ്പെടുത്തിയ ആദ്യത്തെ വിൻഡോസ് പതിപ്പായിരുന്നു ഇത്.

## Windows 98

വിൻഡോസ് 95 ന്റെ വിജയത്തിന് ശേഷം, 1998 ജൂൺ 25 ന് വിൻഡോസ് 98 പുറത്തിറങ്ങി.ഈ പതിപ്പിൽ ഇന്റർനെറ്റ് എക്സ്പ്ലോറർ 5.0, വിൻഡോസ് എന്നിവ പോലുള്ള കാര്യമായ നവീകരണങ്ങൾ ഉൾപ്പെടുന്നു.ഓപ്പറേറ്റിംഗ് സിസ്റ്റത്തിനുള്ള മുഖ്യധാരാ പിന്തുണ 2002 ജൂൺ 30-ന് ഔദ്യോഗികമായി അവസാനിച്ചു. എന്നാലും Windows 98 മൈക്രോസോഫ്റ്റിന്റെ ഭാവി ഓപ്പറേറ്റിംഗ് സിസ്റ്റങ്ങളെ സ്വാധീനിച്ചു.

## Windows XP: Stability and Simplicity:

2001 ഒക്ടോബർ 25 ന്, മൈക്രോസോഫ്റ്റ് വിൻഡോസ് XP പൊതുജനങ്ങൾക്കായി പുറത്തിറക്കി.Windows XP പുതിയ ഇന്റർഫേസ് മാത്രമല്ല, മൾട്ടിമീഡിയ, നെറ്റ്‌വർക്കിംഗ് കഴിവുകളും മെച്ചപ്പെടുത്തി. മൈക്രോസോഫ്റ്റിന്റെ .NET പാസ്‌പോർട്ട് സേവനങ്ങളുമായി സംയോജിപ്പിച്ച ഇന്റർനെറ്റ് എക്സ്പ്ലോറർ 6 ഇതിൽ ഉൾപ്പെടുന്നു, കൂടാതെ മുൻ വിൻഡോസ് പതിപ്പുകൾക്കായി രൂപകൽപ്പന ചെയ്ത പഴയ

## Windows Vista

വിശാലമായ വികസന കാലയളവിനുശേഷം, 2007 ജനുവരി 30-ന് പുറത്തിറങ്ങി. സ്പാനിഷ് ഭാഷയിൽ, "Vista" എന്നത് "കാഴ്ച" എന്നാണ്.സുരക്ഷ വർധിപ്പിക്കുന്നതിനുവേണ്ടി, കാര്യമായ സാങ്കേതിക മാറ്റങ്ങൾക്കൊപ്പം, പുനർരൂപകൽപ്പന ചെയ്ത ഇന്റർഫേസും ഷെല്ലും ഉൾപ്പെടെ നിരവധി പുതിയ സവിശേഷതകൾ ഈ റിലീസ് കൊണ്ടുവന്നു. വ്യത്യസ്ത ഉപയോക്തൃ ആവശ്യങ്ങൾക്ക് അനുയോജ്യമായ നിരവധി പതിപ്പുകൾ ഇത് വാഗ്ദാനം ചെയ്തു.

## Windows 7: The Return to Grace:

2009 ഒക്ടോബർ 22-ന്, പൊതുജനങ്ങൾക്ക് വിൻഡോസ് 7 ലഭിച്ചു.വിൻഡോസിന്റെ ഈ പുതിയ പതിപ്പ് ഉപയോക്താക്കൾക്ക് സുഗമവും കൂടുതൽ കാര്യക്ഷമവുമായ അനുഭവം നൽകാനാണ് ലക്ഷ്യമിട്ടത്. വിൻഡോസ് വിസ്റ്റയിൽ ഇതിനകം നന്നായി പ്രവർത്തിക്കുന്ന ആപ്ലിക്കേഷനുകളുമായും ഹാർഡ്‌വെയറുകളുമായും അനുയോജ്യത ഉറപ്പാക്കുക എന്നതായിരുന്നു ലക്ഷ്യം. വിൻഡോസ് 7 ആവേശകരമായ ചില പുതിയ സവിശേഷതകൾ കൊണ്ടുവന്നു.

## Windows 8

വിൻഡോസ് 7 ന്റെ പിൻഗാമിയായി 2012 ഒക്ടോബറിൽ മൈക്രോസോഫ്റ്റ് വിൻഡോസ് 8 പുറത്തിറക്കി.ഡെസ്ക്ടോപ്പുകൾ, ലാപ്ടോപ്പുകൾ, ടാബ്‌ലെറ്റുകൾ, സ്മാർട്ട്ഫോണുകൾ എന്നിങ്ങനെ വിവിധ ഉപകരണങ്ങളിലുടനീളം തടസ്സമില്ലാത്ത ഉപയോക്തൃ അനുഭവം നൽകുന്നതിന് രൂപകൽപ്പന ചെയ്തിരിക്കുന്നു. പൂർണ്ണമായും നവീകരിച്ച ഇന്റർഫേസ് ഈ അപ്ഡേറ്റ് ചെയ്ത ഓപ്പറേറ്റിംഗ് സിസ്റ്റം കൊണ്ടുവന്നു.പരമ്പരാഗത സ്റ്റാർട്ട് മെനുവിന് പകരമായി സ്റ്റാർട്ട് സ്ക്രീനിന്റെ ആമുഖമാണ് വിൻഡോസ് 8-ന്റെ ശ്രദ്ധേയമായ സവിശേഷത. ഈ പുതിയ ഇന്റർഫേസിൽ ടൈൽ അധിഷ്ഠിത ഐക്കണുകൾ ഫീച്ചർ ചെയ്തു, അത് ഉപയോക്താക്കൾക്ക് അവരുടെ പ്രിയപ്പെട്ട ആപ്പുകൾ, വെബ്സൈറ്റുകൾ, ഫയലുകൾ എന്നിവ ആക്സസ് ചെയ്യുന്നത് എളുപ്പമാക്കി.

## Windows 10:

A Unified Experience:മൈക്രോസോഫ്ട് July 29, 2015 ൽ Windows 10 പുറത്തുവിട്ടു.
Windows 10-ൽ മെച്ചപ്പെടുത്തിയ സുരക്ഷാ നടപടികൾ ഉണ്ട്. വിൻഡോസ് ഹലോ, വിൻഡോസ് ഡിഫെൻഡർ തുടങ്ങിയ ബിൽറ്റ്-ഇൻ ഫീച്ചറുകൾ ഉപയോഗിച്ച്, ഉപയോക്താക്കൾക്ക് സുരക്ഷിതവും പരിരക്ഷിതവുമായ കമ്പ്യൂട്ടിംഗ് അന്തരീക്ഷം

Windows 11

2021 ഒക്ടോബർ 5-ന് മൈക്രോസോഫ്ട് Windows 11-നെ പ്രദർശിപ്പിച്ചു. വിൻഡോസ് മുമ്പുതന്നെ ഉണ്ടായിരുന്ന ഉപകരണങ്ങളിൽ ഇത് സൗജന്യമായി ലഭ്യമാണ്.വിൻഡോസ് ഷെല്ലിൽ പുനർരൂപകൽപന ചെയ്ത സ്റ്റാർട്ട് മെനു, ടാസ്ക്ബാറിലെ "ലൈവ് ടൈലുകൾ" മാറ്റി പകരം മറ്റൊരു "വിഡ്ജറ്റ്" പാനൽ കൊണ്ടുവന്നു. ഇന്റർനെറ്റ് എക്സ്പ്ലോററിന് പകരം ക്രോമിയം അടിസ്ഥാനമാക്കിയുള്ള സ്ഥിരസ്ഥിതി വെബ് ബ്രൗസറായി.സുരക്ഷാ പരിഗണനകൾ ചൂണ്ടിക്കാട്ടി, Windows 11-നുള്ള സിസ്റ്റം ആവശ്യകതകൾ Windows 10-നേക്കാൾ വർദ്ധിപ്പിച്ചു. എട്ടാം തലമുറ CPU അല്ലെങ്കിൽ പുതിയത്, രണ്ടാം തലമുറ CPU അല്ലെങ്കിൽ പുതിയത് അല്ലെങ്കിൽ 850 ARMഉപയോഗിക്കുന്ന ഉപകരണങ്ങളിൽ മാത്രമേ Microsoft ഔദ്യോഗികമായി ഓപ്പറേറ്റിംഗ് സിസ്റ്റത്തെ പിന്തുണയ്ക്കൂ. നിർഭാഗ്യവശാൽ, ഇതിൽ അസന്തുഷ്ടരായ ഉപഭോക്താക്കൾ ഒന്നുകിൽ Windows-ന്റെ പഴയ പതിപ്പുകളിൽ തുടരുകയോ അല്ലെങ്കിൽ ലഭ്യമായ മറ്റ് OS ബദലുകളിലേക്ക് പൂർണ്ണമായും മാറുന്നു.2024 ജനുവരിയിലെ കണക്കനുസരിച്ച്, ലോകമെമ്പാടും 27% വിൻഡോസ് 11 ഉപയോഗിക്കുന്നു, ഉപയോഗത്തിലുള്ള ഏറ്റവും ജനപ്രിയമായ രണ്ടാമത്തെ വിൻഡോസ് പതിപ്പായി ഇത് മാറി, അതിന്റെ മുൻഗാമിയായ Windows 10 ഒന്നാം സ്ഥാനത്താണ്.

അതിവേഗം പുരോഗമിക്കുന്ന ഡിജിറ്റൽ ലോകത്ത് ഉപയോക്താക്കളുടെ മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങൾ നിറവേറ്റുന്ന വിൻഡോസ് വർഷങ്ങളായി ഗണ്യമായി വികസിച്ചു. ഓരോ പുതിയ റിലീസിലും, വിൻഡോസ് അനുഭവം നവീകരിക്കാനും പരിഷ്കരിക്കാനും മൈക്രോസോഫ്റ്റ് ശ്രമിച്ചു. വിൻഡോസ് 1.0 ന്റെ ആദ്യ നാളുകൾ മുതൽ ഫീച്ചർ നിറഞ്ഞ വിൻഡോസ് 11 വരെ, വിൻഡോസിന്റെ പരിണാമം നമ്മൾ സാങ്കേതികവിദ്യയുമായി ഇടപഴകുന്ന രീതിയെ മാറ്റുന്നു. മറുവശത്ത്, വർഷങ്ങളായി വിൻഡോസ് അതിന്റെ ന്യായമായ വിമർശനങ്ങൾ നേരിട്ടു. വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം നിരവധി സുരക്ഷാ ലംഘനങ്ങൾക്കും ആക്രമണങ്ങൾക്കും ഇരയാകുന്നു, അതിന്റെ ഫലമായി പതിവ് അപ്ഡേറ്റുകളും ആന്റിവൈറസ് പരിരക്ഷയും ആവശ്യമാണ്. കൂടാതെ, മിക്ക ഉപയോക്താക്കളും വിൻഡോസ് അപ്ഡേറ്റുകൾ അസൗകര്യപ്രദവും സമയമെടുക്കുന്നതുമാണെന്ന് കണ്ടെത്തി.

## MacOS

1984 മുതൽ 2001 വരെ ആപ്പിൾ കമ്പ്യൂട്ടറുകളായ മാക്കിന്റോഷ് കുടുംബത്തിനായി വികസിപ്പിച്ച ഓപ്പറേറ്റിംഗ് സിസ്റ്റങ്ങളുടെ പരമ്പരയാണ് ക്ലാസിക് മാക് ഒഎസ്. ൽ തുടങ്ങി ൽ അവസാനിക്കുന്നു. ഗ്രാഫിക്കൽ യൂസർ ഇന്റർഫേസ് ആശയം ജനപ്രിയമാക്കിയതിന്റെ ബഹുമതി മാക്കിന്റോഷ് ഓപ്പറേറ്റിംഗ് സിസ്റ്റമാണ്.
2001-ൽ പുറത്തിറക്കിയ Mac OS 9-ലേക്കുള്ള അവസാന അപ്ഡേറ്റുകൾ Mac OS X-നുമായുള്ള പരസ്പര പ്രവർത്തനക്ഷമത നൽകി. ഇപ്പോൾ ചരിത്രപരമായ Mac OS-നെ മൊത്തത്തിൽ സൂചിപ്പിക്കുന്നത് "ക്ലാസിക്" എന്ന പേര ഉപയോഗിച്ചതാണ്.




ഡെസ്ക്ടോപ്, ലാപ്ടോപ് കമ്പ്യൂട്ടറുകളുടെ മേഖലയിൽ, നിലവിൽ Mac OS ഏറ്റവും ഉപയോഗിക്കപ്പെടുന്ന രണ്ടാമത്തെ ഡെസ്ക്ടോപ് ഓപ്പറേറ്റിംഗ് സിസ്റ്റമായി നിലകൊള്ളുന്നു, എല്ലാ ലിനക്സ് വിതരണങ്ങളെയും മറികടന്ന് മൈക്രോസോഫ്റ്റ് വിൻഡോസിന് പിന്നിൽ മാത്രം. ആപ്പിൾ അതിന്റെ ഓരോ റിലീസുകളും വലിയ പൂച്ചകളുടെ ഇനങ്ങളിൽ നിന്നോ കാലിഫോർണിയയിലെ സ്ഥലങ്ങളിൽ നിന്നോ പ്രചോദനംകൊണ്ട് ബന്ധപ്പെടുത്തുന്നതിൽ അതീവ താല്പര്യം കാണിക്കുന്നു.
നിലവിൽ, MacOS-ന്റെ ഏറ്റവും പുതിയ പതിപ്പ് MacOS 14 Sonoma ആണ്.
മാക് ഒഎസ്: തടസ്സമില്ലാത്ത സംയോജനം, ശക്തമായ സുരക്ഷാ സവിശേഷതകൾ, മികച്ച പ്രകടനം, മനോഹരമായ ഇന്റർഫേസ് എന്നിവ ഉപയോഗിച്ച്, Mac OS ലോകമെമ്പാടുമുള്ള ഓപ്പറേറ്റിംഗ് സിസ്റ്റങ്ങൾക്ക് ഉയർന്ന ബാർ സജ്ജമാക്കുന്നു. നിങ്ങൾ ഒരു പ്രൊഫഷണലായാലും അല്ലെങ്കിൽ ഗുണനിലവാരത്തെ വിലമതിക്കുന്ന ഒരാളായാലും, Mac OS നിങ്ങൾക്ക് തിരഞ്ഞെടുക്കാനുള്ള ഓപ്പറേറ്റിംഗ് സിസ്റ്റം ആയിരിക്കാം. പ്രകടനത്തിന്റെ കാര്യത്തിൽ, Mac OS നൽകുന്നു. വേഗത്തിലുള്ള ബൂട്ട് സമയം, ദ്രുത ആപ് ലോഞ്ചുകൾ, സുഗമമായ മൾട്ടിടാസ്കിംഗ് കഴിവുകൾ എന്നിവയിൽ അഭിമാനിക്കുന്ന Mac OS ഒരു ദ്രാവകവും കാര്യക്ഷമവുമായ കമ്പ്യൂട്ടിംഗ് അനുഭവം നൽകുന്നു. ഓപ്പറേറ്റിംഗ് സിസ്റ്റം അതിന്റെ സ്ഥിരതയ്ക്കും പേരുകേട്ടതാണ്, സിസ്റ്റം ക്രാഷുകളോ ഫ്രീസുകളോ അപൂർവ്വമായി നേരിടുന്നു.

## Linux

## 'From Hobby Project to a Global Phenomenon'

ലിനക്സ് ഒരു ഓപ്പൺ സോഴ്സ് ഓപ്പറേറ്റിംഗ് സിസ്റ്റമാണ്, അത് നമ്മൾ അറിഞ്ഞോ അറിയാതെയോ നമ്മുടെ ഡിജിറ്റൽ ജീവിതത്തിന്റെ അവിഭാജ്യ ഘടകമായി മാറിയിരിക്കുന്നു. നിരവധി പതിറ്റാണ്ടുകൾ നീണ്ടുനിൽക്കുന്ന ഒരു കൗതുകകരമായ യാത്രയാണ് അതിന്റെ പ്രാധാന്യത്തിലേക്കുള്ള ഉയർച്ച. ലിനക്സിന്റെ ചരിത്രം മനസ്സിലാക്കുന്നത് കമ്പ്യൂട്ടിംഗിന്റെയും സോഫ്റ്റ്‌വെയർ വികസനത്തിന്റെയും ലോകത്തെക്കുറിച്ചുള്ള വിലപ്പെട്ട ഉൾക്കാഴ്ചകൾ നൽകുന്നു.

ലിനക്സിന്റെ വിശ്വാസ്യത, സുരക്ഷ, ചെലവ്-ഫലപ്രാപ്തി എന്നിവ ലോകമെമ്പാടുമുള്ള ബിസിനസുകളുടെ ശ്രദ്ധ ആകർഷിച്ചു.Linux ഇല്ലെങ്കിൽ, ഇപ്പോൾ ഉള്ള സാങ്കേതികവിദ്യയുടെ ഭൂരിഭാഗവും നമ്മൾക്ക് ഉപയോഗിക്കാനാകില്ല. അതായത്, ലോകമെമ്പാടുമുള്ള എല്ലാത്തരം ലിനക്സ് സിസ്റ്റങ്ങൾക്കും എന്തെങ്കിലും സംഭവിക്കുകയാണെങ്കിൽ (അത് ഒരിക്കലും സംഭവിക്കില്ല എന്ന് പ്രതീക്ഷിക്കാം), സാങ്കേതികവിദ്യയുടെ എല്ലാ മേഖലകൾക്കും ദോഷം ചെയ്യും. ഇതിൽ ആശയവിനിമയമാണ് പ്രധാനം. സെർവറുകളിലും മെയിൻഫ്രെയിം കമ്പ്യൂട്ടറുകളിലും ലോകത്തിലെ ഏറ്റവും വേഗതയേറിയ 500 സൂപ്പർ കമ്പ്യൂട്ടറുകളിലും ഉപയോഗിക്കുന്ന ഓപ്പറേറ്റിംഗ് സിസ്റ്റമാണ് ലിനക്സ്.

ലിനക്സിനെ ലോകത്തിലെ ഏറ്റവും ഉത്തമമായ ഓപ്പറേറ്റിംഗ് സിസ്റ്റമാക്കി മാറ്റാനുള്ള ശ്രമത്തിൽ പലരും രക്തവും വിയർപ്പും ത്യജിച്ചു. അത് പ്രതീക്ഷിതമായി ഫലം കണ്ടു. നമ്മൾ മുന്നോട്ട് പോകുമ്പോൾ, എണ്ണമറ്റ സാങ്കേതിക പ്രയോഗങ്ങൾക്ക് കരുത്തുറ്റതും വഴക്കമുള്ളതുമായ അടിത്തറ നൽകിക്കൊണ്ട് ലിനക്സിന്റെ പാരമ്പര്യം ഡിജിറ്റൽ ലോകത്ത് രൂപപ്പെടുത്തുന്നത് തുടരും.

**Abhijith S Pillai ( LK 2022-25 )**

**9C**





SHEBA S VAKKAN
6 B




NANDANA R
7 A


# കാത്തിരിപ്പ്

അമ്മുക്കുട്ടി കാത്തിരിക്കുകയാണ്. ഇനിയും എത്രനേരം കാത്തിരുന്നാലാണ് അച്ഛൻ ഒന്ന് എത്തുക. അവൾ വിജനമായ വഴിയിലേക്ക് കണ്ണുനട്ടിരുന്നു. തനിക്ക് പിറന്നാൾ സമ്മാനവുമായി ഇപ്പോൾ എത്തുമെന്നും പറഞ്ഞിട്ട് പോയ ആളാണ്... എന്നിട്ട് നേരം ഇത്രയായിട്ടും കാണുന്നില്ല. നേരം ഉച്ചയായി. അമ്മുക്കുട്ടി കാത്തിരുന്ന് മുഷിഞ്ഞു. അമ്മ അവിടെ ധൃതി പിടിച്ച് സദ്യ ഒരുക്കുകയാണ്. അവൾ ഓരോന്നു പറഞ്ഞ് അമ്മയെ ശല്യം ചെയ്തുകൊണ്ടിരുന്നു. "അമ്മേ അച്ഛൻ എന്താ വരാത്തത് " അവൾ ചോദിച്ചു. "കടയിൽ നല്ല തിരക്കായിരിക്കും"അമ്മ പറഞ്ഞു. "ഇനിയും സമയമെടുക്കുമോ  വരാൻ?" "അച്ഛൻ വന്നോളും." ഉത്തരമൊന്നും വ്യക്തമായിരുന്നില്ല . എത്രയും വേഗം സദ്യ തട്ടികൂട്ടണം എന്നേ അമ്മയ്ക്കുണ്ടായിരുന്നുള്ളൂ. അമ്മു വിടാൻ ഉദ്ദേശിച്ചിരുന്നില്ല. "എന്നാലും എന്താ അച്ഛൻ താമസിക്കുന്നേ?" അവളുടെ ശല്യം കൂടി വന്നപ്പോൾ അമ്മയുടെ ശബ്ദത്തിന്റെ മൂർച്ച കൂടി, "നീ അപ്പുറത്തെങ്ങാനും പോന്നുണ്ടോ?"


അമ്മൂനെ കുറ്റം പറയാൻ പറ്റുമോ? കുട്ടിയായിരുന്നപ്പോഴേ അമ്മുവിനെ നോക്കുന്നതും, കൂടെ കളിക്കുന്നതും, കഥകൾ പറഞ്ഞു കൊടുക്കുന്നതും, മിഠായി മേടിച്ചു കൊടുക്കുന്നതും, എല്ലാം അച്ഛനാണ്. അവൾക്ക് എല്ലാം അച്ഛനാണ്. അപ്പോൾ പിറന്നാൾ ദിവസം അച്ഛനെ പിരിഞ്ഞിരുന്നാൽ സങ്കടം കാണില്ലേ. അവൾ പതിയെ വെളിയിൽ ചാടി. തത്തയുടെ ശബ്ദം കേട്ട് അമ്മു പാടത്തെത്തി. അപ്പോൾ അവൾ കേട്ടു. "അച്ഛൻ വന്നു" അവൾ അലറി വിളിച്ചു പാടത്തുനിന്നും വീടിനെ ലക്ഷ്യമാക്കി ഓടി. അവസാനം അവൾ വീട്ടിൽ എത്തി. കറിക്കുള്ള പച്ചക്കറി അരിഞ്ഞിട്ടിട്ട് അമ്മ എവിടെ പോയി. വീട്ടിൽ അതാ നിറയെ ആളുകൾ. എല്ലാവരും അമ്മുവിനെ സങ്കടത്തോടെ നോക്കി. അവർ പിറന്നാളാഘോഷിക്കാൻ വന്നതാവും. മുറിയുടെ ഒരു കോണിൽ അമ്മ ഇരിപ്പുണ്ടായിരുന്നു. അമ്മുക്കുട്ടി അതൊന്നും കാര്യമാക്കാതെ ഹാളിലേക്ക് നടന്നു. അപ്പോൾ അവൾ അവിടെ ഒരു കാര്യം കണ്ടു. ഒരു മൃതശരീരവും അതിനടുത്തു തന്നെ ചോരയിൽ പൊതിഞ്ഞ ഒരു സമ്മാന പൊതിയും, അവൾക്ക് കാര്യം മനസ്സിലായി. അവൾ വീണ്ടു തിണ്ണയിൽ ചെന്ന് ആളൊഴിഞ്ഞ വഴിയിലേക്ക് നോക്കികൊണ്ട് കാത്തിരിപ്പു തുടങ്ങി......

ഗൗരി നന്ദ ടി.എസ്


6 B




SHREYA LAKSHMI S
9 C



ABHIJITH S
8 B




SHREYA LAKSHMI S
9 C

# ഓണം

ഓണപ്പൂക്കൾ വിടർന്നു നിൽക്കും രാവിൽ
ഓണത്തേനുണ്ണാനെത്തും ഓണത്തുമ്പികൾ
ഓണപ്പാട്ടിന് തേൻ നുകരും
കൊച്ചു ശലഭങ്ങൾ
ഓണപൂത്തിരി മാനത്തെരിയും
ചിങ്ങപ്പൂമൊട്ട്
ഓണത്തോണി വന്നടിഞ്ഞൊരു
പാലരുവി
ചിങ്ങക്കാറ്റിന് കതിരുകൾ
പൊട്ടും മാനത്തെങ്ങോ
പൂനിലാവിനു പാൽമണം
ചെറുകാറ്റിന് തണലായി
ഓണപ്പൂക്കൾ വിടർന്നു നിൽക്കും
രാവിൽ രാവിൽ

---സജിൻ കുമാർ പി .എസ്
5 B

# കാലഘട്ടം

നിഷ്ഠൂരമായൊരു കാലഘട്ടം
ഇത് നിഷ്ഠൂരമായൊരു കാലഘട്ടം
ദയയില്ല, സ്നേഹമില്ല, കരുണയില്ല
വേദനകൾ നൽകും കാലഘട്ടം
ഒത്തൊരുമയുണ്ടെന്നറിയില്ല
ഇത് നിഷ്ഠൂരമായൊരു കാലഘട്ടം

ജീവാംശം പ്രദാനം ചെയ്യുന്ന
അമ്മയാം ഭൂമിയെ കൊല്ലുന്ന കാലഘട്ടം
ഇത് ആർത്തിയുടെ കാലഘട്ടം
ഇത് നിഷ്ഠൂരമായൊരു കാലഘട്ടം

ജന്മം നൽകിയ മാതാപിതാക്കളെ
ഉപേക്ഷിക്കുന്ന കാലഘട്ടം
ഇത് വിധ്വേഷത്തിന്റെ കാലഘട്ടം
ഇത് നിഷ്ഠൂരമായൊരു കാലഘട്ടം

ഇനിയുണ്ടാകുമോ ഒരു നല്ല
സ്നേഹത്തിൻ ദയയുടെ കാലഘട്ടം
എന്റെ സ്വപ്നത്തിലുള്ളൊരു
കാലഘട്ടം............

ജിനി ജോസ്
9 C

# വർണ്ണനൂലുകൾക്കരികിലേറി...

കുട്ടിപ്പട്ടങ്ങൾക്ക് വേണ്ടിയുള്ള ചരടുകൾ അഥവാ (THREADS)എന്ന ഈ പതിപ്പൊരുക്കുവാൻ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും വേണ്ട മാർഗനിർദേശം നൽകിയ അഭിലാഷ് സർ (മാസ്റ്റർട്രെയിനർ കോർഡിനേറ്റർ, കൈറ്റ്, ആലപ്പുഴ), ദിനേശ് സർ (മാസ്റ്റർ ട്രെയിനർ, കൈറ്റ്, ആലപ്പുഴ), പിന്തുണയും പ്രോത്സാഹനവും നൽകിയ അനിത ടീച്ചർ (ഹെഡ്മിസ്ട്രസ്), തിരുത്തലുകൾ വരുത്താൻ സഹായിച്ച സുധാമണി ടീച്ചർ, താഹിയ ടീച്ചർ, റെമി ടീച്ചർ, ജയരാധ ടീച്ചർ(ഹൈസ്കൂൾ അധ്യാപകർ),രഘുദാസ് സർ(SITC) എന്നിവർക്കും,ആശംസകൾ അറിയിച്ച പ്രവീൺ സർ(PTA പ്രസിഡന്റ്) സജി സർ (HSE പ്രിൻസിപ്പാൾ ),അന്നമ്മ ടീച്ചർ (VHSE പ്രിൻസിപ്പാൾ )എന്നിവർക്കുമുള്ള നന്ദി അറിയിക്കുന്നു.സർഗ്ഗരചനകൾ നൽകിയ പ്രിയ വിദ്യാർത്ഥികൾക്കും, തുടക്കം മുതൽ ഈ പതിപ്പൊരുക്കുന്നതിൽ അതീവശ്രദ്ധയും താല്പര്യവും പ്രകടിപ്പിച്ച പ്രിയ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ,മാഗസിൻ എഡിറ്റർ-ഫിയാദ ഫാത്തിമ സക്കീർ(LK 2022-25),യൂണിറ്റ് ലീഡർ-അഭിജിത് എസ് പിള്ള,എന്നിവർക്കുള്ള പ്രത്യേക നന്ദിയും അറിയിക്കുന്നു .

**കുട്ടിപ്പട്ടങ്ങളുടെ ചരടുകൾക്ക് ജീവൻ നൽകിയ എല്ലാ പ്രിയപ്പെട്ടവർക്കും നന്ദി........**